പതിമൂന്നാം കേരള നിയമസഭ

4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 29 05-03-2012-ന് മറുപടി നൽകേണ്ടത്.

**'ഉത്തരവുകൾ എം.എൽ.എ.മാരെ അറിയിക്കുന്നതിന് സംവിധാനം'**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| എ). നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസനപദ്ധതികൾ സംബന്ധിച്ച നടപടി ക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ.മാരെ അറിയിക്കുന്നത് സംബന്ധിച്ച് പൊതുഭരണ (ഏകോപന) വകുപ്പ് (നമ്പർ. 77369/സി.ഡി. എൻ.4/11/പൊ.ഭ.വ. തീയതി 21-11-2011) പുറപ്പെടുവിച്ച ഉത്തരവുപ്രകാരം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും ഉത്തരവുകളും ലഭ്യമാക്കിയിട്ടുണ്ടോ ;<br><br>ബി). ബന്ധപ്പെട്ട ഉത്തരവുകളും നടപടിക്രമങ്ങളും അടിയന്തിരമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ). യും (ബി) യും<br><br>എല്ലാ നിയോജക മണ്ഡലങ്ങളിലേയും വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച ഗവൺമെന്റ് ഉത്തരവുകളും നടപടിക്രമങ്ങളും ബന്ധപ്പെട്ട എം.എൽ.എ.മാരെ സമയബന്ധിതമായി അറിയിക്കുന്നതിന് എല്ലാ വകുപ്പുകൾക്കും/വകുപ്പുതലവന്മാർക്കും കർശന നിർദ്ദേശമാണ് ഈ സർക്കുലർ മുഖേന നൽകിയിട്ടുള്ളത്. ഇനിയും ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ നൽകേണ്ട സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ